**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6132** **17-03-2023 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത ഓട് വ്യവസായത്തെ സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത ഓട് വ്യവസായങ്ങളുടെ നിലനിൽപ്പ് പ്രതിസന്ധിയിലാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതോടെ ഈ ആക്ടിന്റെ പരിധിയിൽപ്പെടുന്ന ഭൂമികളിൽ നിന്നും കളിമണ്ണ് ഖനനം അസാധ്യമായി. ടി ആക്ടോടെ നിലവിൽ വന്ന ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽ നിന്നും മാത്രമേ കളിമണ്ണ് ഖനനം അനുവദിക്കാൻ സാധിക്കുകയുള്ളൂ. കളിമണ്ണ് ഖനനത്തിന് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം, സംസ്ഥാനത്തിന് പുറത്ത് നിന്ന് ഓട്, അനുബന്ധ ഉൽപ്പന്നങ്ങൾ എന്നിവ ധാരാളമായി ലഭ്യമാകുന്നതും ടി വ്യവസായത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. കളിമണ്ണിന്റെ ലഭ്യതയെക്കുറിച്ച് വിലയിരുത്തുന്നതിന്റെ ഭാഗമായി തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ കളിമണ്ണ് ഖനനം സാധ്യമായ സ്ഥലങ്ങളെ കുറിച്ച് Kerala State Remote Sensing & Environment Centre പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വ്യവസായത്തെ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) | ഉണ്ട്. 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതോടെ ഈ ആക്ടിന്റെ പരിധിയിൽപ്പെടുന്ന ഭൂമികളിൽ നിന്നും കളിമണ്ണ് ഖനനം അസാധ്യമായി. ടി ആക്ടോടെ നിലവിൽ വന്ന ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽ നിന്നും മാത്രമേ കളിമണ്ണ് ഖനനം അനുവദിക്കാൻ സാധിക്കുകയുള്ളൂ. കളിമണ്ണ് ഖനനത്തിന് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം, സംസ്ഥാനത്തിന് പുറത്ത് നിന്ന് ഓട്, അനുബന്ധ ഉൽപ്പന്നങ്ങൾ എന്നിവ ധാരാളമായി ലഭ്യമാകുന്നതും ടി വ്യവസായത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. കളിമണ്ണിന്റെ ലഭ്യതയെക്കുറിച്ച് വിലയിരുത്തുന്നതിന്റെ ഭാഗമായി തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ കളിമണ്ണ് ഖനനം സാധ്യമായ സ്ഥലങ്ങളെ കുറിച്ച് Kerala State |

| | | | |
|---|---|---|---|
| | | | Remote Sensing & Environment Centre പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത വ്യവസായത്തിന്റെ നിലനിൽപ്പിനായി കളിമണ്ണ് ഖനനം ചെയ്യുന്നതിന് വ്യവസ്ഥകളിൽ ഇളവ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | കളിമണ്ണ് ഖനനവുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ ഇളവു ചെയ്യുന്നതിന് കേരള മൈനർ മിനറൽ കൺസഷൻ റൂൾ 2015ലെ ചട്ടം 106 (5) ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള ഓടിന്റെ ഇറക്കുമതി നിയന്ത്രിച്ച് പരമ്പരാഗത വ്യവസായത്തെ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) | കളിമണ്ണിന്റെ ലഭ്യതയെക്കുറിച്ച് വിലയിരുത്തുന്നതിന്റെ ഭാഗമായി തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ കളിമണ്ണ് ഖനനം സാധ്യമായ സ്ഥലങ്ങളെ കുറിച്ച് Kerala State Remote Sensing & Environment Centre പഠനം നടത്തിയിട്ടുണ്ട്. ടി റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ